വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ വിലകുറഞ്ഞ ന്യൂസ്പ്രിന്റ് ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി ഇൻഡ്യാ രാജ്യത്തെ ന്യൂസ്പ്രിന്റ് ഫാക്ടറികൾ ഒരു പ്രതിസന്ധി നേരിടുകയാണ്. ന്യൂസ്പ്രിന്റിന്റെ വില മെട്രിക് ടണ്ണിന് 27,000 രൂപയിൽനിന്ന് 21,000 രൂപയായി കുറച്ചിരിക്കുകയാണ്. ഇപ്പോഴത്തെ എസ്റ്റിമേറ്റഡ് പ്രൈസും ഉൽപാദനച്ചെലവും തമ്മിൽ വലിയ അന്തരമില്ല. ഇനിയും ന്യൂസ്പ്രിന്റിന് വിലകുറയുകയാണെങ്കിൽ അത് കമ്പനിയുടെ ലാഭകരമായ പ്രവർത്തനത്തെ ബാധിക്കും. ന്യൂസ്പ്രിന്റിന്റെ ഉൽപ്പാദനം താൽക്കാലികമായി മാത്രമേ നിറുത്തിവച്ചിട്ടുള്ളൂ. കെട്ടിക്കിടക്കുന്ന സ്റ്റോക്ക് ക്ലിയർ ചെയ്തുകഴിഞ്ഞാൽ വീണ്ടും ഉൽപ്പാദനം ആരംഭിക്കും. ന്യൂസ്പ്രിന്റ് പതിവായി വാങ്ങുന്ന പ്രധാന ന്യൂസ്പ്രിന്റ് ഉപഭോക്താക്കളുമായി ദീർഘകാല കരാർ ഉണ്ടാക്കാൻ കമ്പനി ശ്രമിക്കുന്നുണ്ട്. ഇപ്പോഴത്തെ സ്ഥിതി തൊഴിലിനെയോ കമ്പനിയുടെ വ്യവസായ ബന്ധത്തെയോ ബാധിക്കുകയില്ലെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. മൂന്ന് നാല് മാസംകൊണ്ട് ഈ സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മെമ്പറുടെ മറ്റ് നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിനേയും ഫോറസ്റ്റ് വകുപ്പിനേയും അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(14) പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോ 1978-ൽ ആരംഭിച്ചതാണ്. ചങ്ങനാശ്ശേരിയിലും കോട്ടയത്തും ട്രാൻസ്പോർട്ടിന് കെ.എസ്.ആർ.ടി.സി.യുടെ യാതൊരു സ്ഥാപനവുമില്ലാതിരുന്ന സാഹചര്യത്തിൽ സർവ്വീസുകൾ നടത്തുന്നതിനും സർവ്വീസുകൾക്ക് കേടുവന്നാൽ അത് പരിശോധിക്കുന്നതിനും തൊട്ടടുത്ത് ഒരു ഓഫീസ് വേണമെന്നുള്ള ആഗ്രഹത്തിൽ 1978-ൽ സ്ഥാപിച്ചതാണ് പൊൻകുന്നം ഡിപ്പോ. 28 ഷെഡ്യൂളുകളോടുകൂടിയാണ് ആ ഡിപ്പോ ആരംഭിച്ചത്. എല്ലാ ഷെഡ്യൂളുകളും ആദായകരമായി പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. പക്ഷേ, ഇത് ആരംഭിച്ച മന്ത്രിസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ എന്ത് സംഭവിച്ചു എന്ന് അറിഞ്ഞുകൂടാ. ഓരോ മാസം ചെല്ലുന്തോറും ഓരോരോ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുകയും ഒരു എ.ടി.ഒ.യുടെ കീഴിൽ ഉണ്ടായിരുന്ന ആ സബ് ഡിപ്പോ ഒരു ഇൻസ്പെക്ടറുടെ കീഴിലാക്കി മാറ്റുകയും ചെയ്തു. എന്താണ് കാരണമെന്ന് പിന്നീട് വന്ന ആളുകൾക്കേ അറിയാവൂ; എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും പൊൻകുന്നത്തുനിന്ന് മലബാറിലേക്ക് ധാരാളം ദീർഘദൂര സർവ്വീസുകളുണ്ടായിരുന്നു. മീനച്ചൽ, പാലാ, പൊൻകുന്നം മുതലായ പ്രദേശങ്ങളിലെ കുടിയേറ്റക്കാർ ധാരാളം മലബാറിലുള്ളതിനാൽ കൂടെക്കൂടെ അവർ മലബാറിലേക്ക് പോകേണ്ടിവരികയും മടങ്ങിവരേണ്ടിവരികയും ചെയ്യുന്നതുകൊണ്ടാണ് ഈ ഡിപ്പോ സ്ഥാപിച്ചത്; നിലമ്പൂരിലേക്കും രണ്ട് സർവ്വീസുകളുണ്ടായിരുന്നു. എല്ലാ ഷെഡ്യൂളുകളും ആദായകരമായിരുന്നു. ഓരോരോ ഷെഡ്യൂളുകൾ മാറിമാറി അതൊരു ഇൻസ്പെക്ടറുടെ തസ്തികയുടെ കീഴിൽക്കൊണ്ടുവന്നു. എന്തുകൊണ്ടാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. അങ്ങനെ ഉത്തരവുണ്ടാക്കിയ ആളുകളുടെ വിരോധമോ അതോ മറ്റു വിരോധമോ എന്നറിഞ്ഞുകൂടാ. അതോടൊപ്പം തന്നെ പാലായിലെ ഡി.ടി.ഒ.യെ എ.ടി.ഒ. ആയും ചങ്ങനാശ്ശേരിയിലെ ഡി.ടി.ഒ.യെ എ.ടി.ഒ.ആയും മാറ്റുകയുണ്ടായി. പക്ഷേ, അതു രണ്ടും പിന്നീട് ഭരണത്തിൽവന്ന ആളുകൾ പഴയ അവസ്ഥയിലേക്ക് മാറ്റുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. പൊൻകുന്നത്തെ കാര്യം മാത്രം പുനർചിന്തിക്കാൻ ആർക്കും കഴിഞ്ഞില്ല. ഇന്ന് അവിടെ 17 ഷെഡ്യൂളുകൾ മാത്രമേയുള്ളൂ. എല്ലാ ഷെഡ്യൂളുകളും നിർത്തലാക്കിയിരിക്കുകയാണ്. അവിടത്തെ ഉദ്യോഗസ്ഥർക്കാർക്കും താൽപ്പര്യമില്ലാത്ത ഒരു രീതിയിലേയ്ക്ക് ആ സ്ഥാപനം മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ ചെറിയ ഒരു വർക്ക്ഷോപ്പും ഉണ്ട്. മേജർ വർക്കുകൾ അവിടെ നടത്താൻ കഴിയുകയില്ലെങ്കിലും അത്യാവശ്യം വരുന്ന കേടുപാടുകളും റിപ്പയറും നടത്താൻവേണ്ടിയാണ് ആ വർക്ക്ഷോപ്പ് അവിടെ ഉണ്ടാക്കിയത്. ആ വർക്ക്ഷോപ്പും ഇന്ന് പ്രവർത്തനരഹിതമാണ്. കോട്ടയം വിട്ടാൽ കിഴക്കോട്ട്, അതുപോലെ ചങ്ങനാശ്ശേരി വിട്ട് വടക്കോട്ട്, അങ്ങനെ എല്ലാവർക്കും ഉപയോഗിക്കാവുന്ന ഒരു ഡിപ്പോ എന്നുള്ള നിലയ്ക്ക് ആ ഡിപ്പോയുടെ ആവശ്യം ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ലാത്തതാണ്. ആ ഡിപ്പോയിൽ നിന്ന് അത്യാവശ്യമായ നാലഞ്ച് ഷെഡ്യൂളുകൾ പുനരാരംഭിച്ചേ തീരൂ. ആളുകൾ അത്രമാത്രം ബുദ്ധിമുട്ടുകയാണ്. അടുത്തകാലത്ത് എരുമേലിയിൽ ഒരു ഡിപ്പോ തുടങ്ങി. പൊൻകുന്നം തളർന്നപ്പോൾ എരുമേലിയിൽ പൊങ്ങിയതാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എരുമേലിയിലോ മറ്റ് എവിടെതുടങ്ങിയാലും വേണ്ടില്ല. പൊൻകുന്നം ഡിപ്പോ 1978-ൽ ഞാൻ സ്ഥാപിച്ചതാണ്. അതോടൊപ്പം സ്ഥാപിച്ച 18 ഡിപ്പോകളും ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെയൊന്നും യാതൊരു കുഴപ്പവുമില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഡിപ്പോയ്ക്ക് മാത്രം തുരങ്കം വച്ചത് ശരിയായില്ല എന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ദയവായി പഴയ രീതിയിലേയ്ക്ക് അതിനെ ഉയർത്തുകയും ഒരു എ.ടി.ഒ.യുടെ കീഴിൽകൊണ്ടുവരികയും ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുകയും ചെയ്യണമെന്ന് വളരെ വിനീതമായി അപേക്ഷിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുറേ കാര്യങ്ങൾ ശരിയാണ്. ആരാണ് അത് ചെയ്തത്; എന്ത് സംഭവിച്ചു എന്ന് അറിഞ്ഞുകൂടാ എന്ന് പറഞ്ഞ് ഇടത്തോട്ട് അദ്ദേഹം പലതവണ നോക്കി. അവിടെ ആളില്ല. ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് പഴയ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നു. തൊട്ടടുത്തുതന്നെ വേറൊരു ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്ന ആളുണ്ട്. അദ്ദേഹം അവിടെയില്ല. ആ കാലത്തായിരിക്കും ഈ ഷെഡ്യൂളുകളൊക്കെ കുറച്ചത്. അത് തുറന്ന് പറയാൻ മടിച്ചാണ് അദ്ദേഹം ഇങ്ങനെ ഇടയ്ക്കിടയ്ക്ക് നോക്കിയത്.

ശ്രീ. ടി.എം. ജേക്കബ് : സർ, പിള്ളയും കുറുപ്പും ഒന്നാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അവർ ഒന്നാണ്. പക്ഷേ, ഒരിക്കലും ചേരുകയുമില്ല.

മി. സ്പീക്കർ : കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് രണ്ടാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, 1965-ൽ രണ്ടുപേരും ഒരുമിച്ച് പോയി കേരളാ കോൺഗ്രസ് ഉണ്ടാക്കിയതാണ്. അപ്പോൾ ഞാൻ പറഞ്ഞത് മനസ്സിലായല്ലോ;

മി. സ്പീക്കർ : ഇപ്പോൾ സംഗതി ക്ലിയറായി.

[11 AM] ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇക്കാര്യത്തിൽ ഞാൻ നിരപരാധിയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊൻകുന്നം സബ് ഡിപ്പോയിൽ 15 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അവിടെ 18 ഷെഡ്യൂളുകളാണുള്ളത്. അതായത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. നിലവിലുള്ള 18 ഷെഡ്യൂളുകളുടെ നടത്തിപ്പിനായി 21 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചില ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിടേണ്ടിവരുന്നു. തൻമൂലവും അപ്രതീക്ഷിതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലവും ചില ദിവസങ്ങളിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല. ഇവിടെ അഞ്ച് മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കുറവുണ്ട്. കുറവുള്ള മെക്കാനിക്കുകളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി താൽക്കാലികമായി നിയമിക്കാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇവിടുത്തെ വർക്ഷോപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിന് കോട്ടയത്തെ അസിസ്റ്റന്റ് വർക്ക്സ് മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷനിൽ ഇന്ന് അനുഭവപ്പെടുന്ന ബസ്സിന്റേയും ജീവനക്കാരുടേയും കുറവുമൂലം പുതിയ സർവ്വീസുകളൊന്നും അനുവദിക്കാൻ ഇപ്പോൾ കഴിയുകയില്ല. കൂടുതൽ പുതിയ വാഹനങ്ങൾ അനുവദിക്കുന്നതോടെ ഇവിടെയുള്ള പഴയ ബസ്സുകൾ പിൻവലിക്കുന്നതാണ്. ദേശസാൽക്കൃത മേഖലയിലേയും ഗ്രാമപ്രദേശങ്ങളിലേയും വരുമാനം കൂടുതൽ ലഭിക്കുന്ന മേഖലകളിലേയും സർവ്വീസുകൾക്ക് മുടക്കംവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കോട്ടയം-കുമിളി ദേശസാൽക്കൃത റൂട്ടിൽ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം നടപ്പിൽവരുത്തിക്കഴിഞ്ഞു. അടുത്ത ഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ കൂടുതൽ സർവ്വീസുകൾ ഓടിക്കാൻ കെ. എസ്.ആർ.ടി.സി.ക്ക് കഴിയും. ഇതുമൂലം പൊൻകുന്നം മേഖലയിലെ യാത്രാദുരിതം ഒഴിവാക്കാനും കഴിയും. കോർപ്പറേഷനിൽ ഇന്ന് അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിമൂലം പുതിയ നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി ഏറ്റെടുക്കാൻ കഴിയുകയില്ല. പിന്നീട് അത് പരിഗണിക്കുന്നതാണ്.

(15) ആൾ കേരളാ ടെയിലേഴ്സ് അസോസിയേഷന്റെ സമരം

മി. സ്പീക്കർ : ഒരു വിഷയത്തെ സംബന്ധിച്ച് സബ്മിഷനുള്ള രണ്ട് നോട്ടീസുകൾ ചെയറിന് കിട്ടിയിട്ടുണ്ട്. ആൾ കേരളാ ടെയിലേഴ്സ് അസോസിയേഷൻ ഇന്ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തുന്ന സമരത്തെ സംബന്ധിച്ചുള്ളതാണ് അവ. ശ്രീ. എ. കണാരനും ശ്രീ. ആന്റണി രാജുവുമാണ് സബ്മിഷൻ തന്നിട്ടുള്ളത്. രണ്ടുപേരും സംഘടനയുടെ പേരിലാണ് എഴുതിത്തന്നിരിക്കുന്നത്. രണ്ടുപേർക്കും ഒരേ സബ്മിഷൻ അനുവദിക്കാൻ പറ്റുകയില്ല. തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കാൻ പറ്റുകയില്ല. ഒരാൾ നോട്ടീസ് പിൻവലിച്ചാൽ മറ്റേ ആൾക്ക് ഉന്നയിക്കാം.

ശ്രീ. ആന്റണി രാജു : സർ, ഞാൻ എഴുതിക്കൊടുത്തതാണ് തന്നിട്ടുള്ളത്.

മി. സ്പീക്കർ : ഇല്ല. രണ്ടും എഴുതിക്കൊടുത്തിട്ടുണ്ട്. ഇന്ന് നടക്കുന്ന സമരമാണ് വിഷയം. രണ്ട് നോട്ടീസും ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മന്ത്രി മറുപടി പറയട്ടെ. രണ്ടുപേരും സംഘടനയുടെ പേരിലാണ് തന്നത്.

ശ്രീ. കെ.എം. മാണി : സർ, ഇത് പ്രധാനപ്പെട്ട ഒരു വിഷയമല്ലേ? ഭരണകക്ഷിയിലെ രണ്ട് എം.എൽ.എ.മാർ ഇങ്ങനെ വഴക്കടിക്കുന്നത് ശരിയാണോ?

ശ്രീ. ആന്റണി രാജു : തയ്യൽത്തൊഴിലാളികൾ എല്ലാ മണ്ഡലങ്ങളിലുമുള്ളതാണ്. തയ്യൽത്തൊഴിലാളികളുടെ അസോസിയേഷന്റെ പ്രസിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly